"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തസ്വഭവ- മലപ്പുറം ജില്ല- പെരുമ്പടപ്പ് ഗ്രാമപഞ്ചായത്ത് ഓഫീസ് പുതിയ കെട്ടിട നിർമ്മാണം- കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 3(4)(എ) പ്രകാരം ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ആർബി)വകുപ്പ്

G.O.(Rt)No.1353/2022/LSGD തിരുവനന്തപുരം, തീയതി, 01-06-2022

---

പരാമർശം:- ചീഫ് ടൗൺ പ്ലാനറുടെ 10.04.2022ലെ TCPCTP/641/2022-C2 നമ്പർ കത്ത്

ഉത്തരവ്

മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ് ഗ്രാമപഞ്ചായത്തിൽ പുതിയ പഞ്ചായത്ത് ഓഫീസ് കെട്ടിടം നിർമ്മാണത്തിന് കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം 3(4)(എ) പ്രകാരം ചട്ടങ്ങളിൽ ഇളവ് ലഭ്യമാക്കുന്നതിനുള്ള അപേക്ഷ, ബന്ധപ്പെട്ട രേഖകൾ സഹിതം ഉചിത മാർഗ്ഗേന ചീഫ് ടൗൺ പ്ലാനർ പരാമർശിത കത്ത് പ്രകാരം ലഭ്യമാക്കിയിരുന്നു.

2. പരാമർശിത ഓഫീസ് കെട്ടിടത്തിന് 2019 ലെ KPBR ചട്ടം 26(4), 26(6) പ്രകാരം ആവശ്യമായ സെറ്റ് ബാക്ക്, 29(3) പ്രകാരം ആവശ്യമുള്ള പാർക്കിംഗ് (4 എണ്ണം കുറവ്), 29(5) (30 sq.m Two wheeler parking space required, provided 20 sq.m), 81(6) പ്രകാരമുള്ള 5m, ഓപ്പൺ സ്പേസ്, 34(3)(1) പ്രകാരം ആവശ്യമായ സാനിറ്റേഷൻ facilities, segregated sanitation facilities എന്നിവ ലഭ്യമല്ല. ടി കാരണത്താൽ മേൽ പ്രസ്താവിച്ച ചട്ടങ്ങളിൽ, ഇളവ് ആവശ്യമാണ്. 1950 കളിൽ പണിതീർത്ത നിലവിലുള്ള കെട്ടിടം വളരെ പഴക്കം ചെന്നതിനാലും, നിലവിൽ ലഭ്യമായ സ്ഥലത്തു കൂടുതൽ സൗകര്യത്തോടുകൂടി ബന്ധപ്പെട്ട എല്ലാ ഓഫീസുകളും ഒരേ കെട്ടിടത്തിലേക്ക് കൊണ്ടുവരുവാൻ വേണ്ടിയും, പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് സർക്കാരിന്റെ അനുമതിയോട് കൂടി, സർക്കാർ ഫണ്ടും, തനത് ഫണ്ടും ഉപയോഗിച്ച് നിർമ്മാണം നടത്തുന്ന കെട്ടിടമായതിനാലും, മറ്റു സ്ഥല സൗകര്യം ലഭ്യമല്ലാത്തതിനാലും നിബന്ധനകൾക്ക് വിധേമായി, കെപിബിആർ 3(4)(a) പ്രകാരം ഇളവനുവദിക്കുന്നതിനായി ചീഫ് ടൗൺ പ്ലാനർ പരാമർശം പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 1950 കളിൽ പണിതീർത്ത പെരുമ്പടപ്പ് ഗ്രാമപഞ്ചായത്തിന്റെ പഴയ പഞ്ചായത്ത് ഓഫീസ് കെട്ടിടം പഴക്കം ചെന്നതിനാലും സൗകര്യങ്ങൾ പരിമിതമായതിനാലും പഞ്ചായത്ത് ഓഫീസ് കൂടാതെ പന്ത്രണ്ടോളം ഓഫീസുകൾ കൂടി ടി കെട്ടിടത്തിൽ പ്രവർത്തിക്കേണ്ടതുള്ളതിനാലും, പുതിയ കെട്ടിടം ആവശ്യമാണെന്ന് കാണുന്നു. കൂടാതെ ഗ്രാമ പഞ്ചായത്തിന്റെ കൈവശം വേറെ സൗകര്യപ്രദമായ സ്ഥലം ലഭ്യമല്ലാത്തതിനാലാണ് നിലവിലെ സ്ഥലത്ത് കെട്ടിട നിർമ്മാണം നടത്തുന്നതെന്നും വ്യക്തമാക്കിയിട്ടുള്ളതാണ്. പ്രസ്തുത സാഹചര്യത്തിൽ, മലപ്പുറം ജില്ലയിൽ പെരുമ്പടപ്പ് ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന്, കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം 2019 ലെ ചട്ടം 26 (4), 26(6) എന്നിവ പ്രകാരമുള്ള സെറ്റ്ബാക്ക്, 29(3), 29(5) പ്രകാരമുള്ള പാർക്കിംഗ്, 34(3)(1) &(3) പ്രകാരമുള്ള സാനിട്ടേഷൻ ഫെസിലിറ്റീസ്, 81(6) പ്രകാരം വേണ്ട 5 മീ മോട്ടോറബിൾ ഓപ്പൺ സ്പേസ് എന്നിവയിൽ KPBR 3(4) (a) പ്രകാരം നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഇളവനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. കെപിബിആർ 2019 ചട്ടം 5(4) പ്രകാരം ഫയർ വകുപ്പുമായി കൂടിയാലോചിച്ച് ആവശ്യമായ ഫയർ & ലൈഫ് സേഫ്റ്റി പ്രൊട്ടക്ഷൻ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.
2. പ്ലാനിൽ രേഖപ്പെടുത്തിയിരിക്കും പ്രകാരമുള്ള സാനിറ്റേഷൻ സാകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
3. ലഭ്യമായ ഓപ്പൺ സ്പേസിൽ മറ്റു അധിക നിർമ്മാണങ്ങൾ നടത്തുകയില്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BIJU PRABHAKAR
SECRETARY

പകർപ്പ്:-

സെക്രട്ടറി, പെരുമ്പടപ്പ് ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.

✓ എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

(ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Suja S K
Date: 01-06-2022 17:20:25